പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2892 — 28/01/2014 ൽ മറുപടിയ്ക്ക്

## പാലക്കാട് വിളയൂർ ഹൈസ്കൂളിന് കെട്ടിട നിർമ്മാണം

### ചോദ്യം

ശ്രീ. സി.പി. മുഹമ്മദ് :

(എ) പാലക്കാട് ജില്ലയിലെ വിളയൂർ ഹൈസ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിന് പട്ടാമ്പി എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് പണമനുവദിച്ചിട്ടും കെട്ടിടം നിർമ്മിക്കേണ്ട സ്ഥലം ആരോഗ്യ വകുപ്പിൽ നിന്നും വിട്ട് കിട്ടാത്തത് കാരണം ടെൻഡർ കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിക്കുവാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിലേക്ക് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

### ഉത്തരം

ശ്രീ: പി.കെ. അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) യും (ബി) യും

ശ്രദ്ധയിൽപെട്ടിട്ടുണ്ട്.
പാലക്കാട് ജില്ലയിലെ വിളയൂർ ഹൈസ്കൂളിന് പട്ടാമ്പി എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് കെട്ടിടം നിർമ്മിക്കുന്നതിന് ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്ഥലം പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. പഞ്ചായത്തിൽ നിന്ന് സ്ഥലം കളക്ടർക്ക് കൈമാറുവാനുള്ള നടപടി അവസാന ഘട്ടത്തിലാണ്.

സെക്ഷൻ ഓഫീസർ